<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4141**</u> <u>**03-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ഗ്രാന്റ്**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ഗ്രാന്റ് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ? | (എ) | പൊതു ആവശ്യ ഫണ്ട്, സംരക്ഷണ ഫണ്ട്, വികസന ഫണ്ട് എന്നിങ്ങനെ മൂന്ന് തരം ഫണ്ടുകളാണ് പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്നത്. ഇത് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## (i) പൊതു ആവശ്യ ഫണ്ട്

സംസ്ഥാനത്തിന്റെ അറ്റ തനത് നികുതി വരുമാനത്തിന്റെ 4% തുകയാണ് ഈ ഇനത്തിൽ പ്രാദേശിക സർക്കാരുകൾക്ക് നൽകുന്നത്. ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും മുൻ വർഷത്തെ അപേക്ഷിച്ച് 12% വർദ്ധനവ് നൽകുന്നു. ശേഷിക്കുന്ന തുകയിൽ നിന്നും ശബരിമലയ്ക്ക് ചുറ്റുമുള്ള 6 ഗ്രാമപഞ്ചായത്തുകൾക്ക് 15 ലക്ഷം രൂപ വീതവും ഗുരുവായൂർ മുനിസിപ്പാലിറ്റിക്ക് 25 ലക്ഷം രൂപയും മാറ്റി വയ്ക്കുന്നു. ബാക്കി തുക ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്ക് 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യാനുപാതികമായി 77.24 : 13.43 : 9.34 അടിസ്ഥാനത്തിൽ വിതരണം നടത്തുന്നു. ഗ്രാമപഞ്ചായത്തുകളുടെ വിഹിതത്തിൽ നിന്നും 10 കോടി രൂപയും മുനിസിപ്പാലിറ്റികളുടെ വിഹിതത്തിൽ നിന്നും 5 കോടി രൂപയും വിടവ് നികത്തൽ ഫണ്ട് നൽകുന്നതിന് മാറ്റി വയ്ക്കുന്നു.

## (ii) സംരക്ഷണ ഫണ്ട്

സംസ്ഥാനത്തിന്റെ അറ്റ നികുതി വരുമാനത്തിന്റെ 2.5% തുക റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായും 4% തുക റോഡ് ആസ്തികളുടെ സംരക്ഷണത്തിനായും സംരക്ഷണ ഫണ്ടിനത്തിൽ നൽകുന്നു. റോഡ്/റോഡിതര ആസ്തികളുടെ അടിസ്ഥാനത്തിൽ ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത അനുപാതത്തിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാന പ്രകാരമാണ് പ്രാദേശിക സർക്കാരുകൾക്ക് ഈ ഫണ്ട് വിതരണം നടത്തുന്നത്.

(iii) <u>വികസന ഫണ്ട്</u>

സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന്റെ 26.5% ആണ് നടപ്പ് സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ നൽകുന്നത്. ഇത് 30% ആകുന്നത് വരെ ഓരോ വർഷവും 0.5% വീതം വർദ്ധിപ്പിക്കുന്നതാണ്. പ്രാദേശിക സർക്കാരുകൾക്കുള്ള കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) -യ്ക്കുള്ള 210 കോടി രൂപ ഉൾപ്പെടെ 27.19% തുക 2023-24-ൽ വകയിരുത്തിയിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വികസന ഫണ്ടിന്റെ ഭാഗമായിട്ടാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതും KSWMP-യുടെയും തുക വിഭജിക്കാതെ മൊത്തമായിട്ട് ഉൾക്കൊള്ളിച്ചിരിക്കുകയാണ്. നഗര സഞ്ചയങ്ങൾക്കുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് കമ്മീഷൻ ശിപാർശ പ്രകാരമാണ് വിഭജനം നടത്തിയിരിക്കുന്നത്. മുനിസിപ്പാലിറ്റികൾക്കുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ജനസംഖ്യാനുപാതികമായി ഒരു തുക കണ്ണൂർ കന്റോൺമെന്റ് ബോർഡിന് നീക്കി വയ്ക്കുന്നു. മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കുമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 40% ബേസിക് ഗ്രാന്റും 60% ടൈഡ് ഗ്രാന്റുമാണ്. പഞ്ചായത്തുകൾക്കുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 70:15:15 എന്ന അനുപാതത്തിൽ വീതിക്കുന്നു. പൊതുവിഭാഗം ഫണ്ട് വിതരണം നടത്തുന്ന അതേ അനുപാതത്തിലാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റും പ്രാദേശിക സർക്കാരുകൾക്ക് നൽകുന്നത്. കണ്ണൂർ കന്റോൺമെന്റ് ബോർഡ്, നഗര സഞ്ചയങ്ങൾ, ആരോഗ്യ മേഖല എന്നിവയ്ക്കുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റൊഴിച്ചുള്ള പൊതു വിഭാഗം ഫണ്ട് ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്കായി 2011-ലെ സെൻസസ് പ്രകാരമുള്ള പട്ടികജാതി പട്ടികവർഗ്ഗ ഇതര ജനസംഖ്യയുടെ അടിസ്ഥാനത്തിൽ 76.35 : 13.89 : 9.76 എന്ന അനുപാതത്തിൽ വീതിയ്ക്കുന്നു. ഈ തുക പ്രാദേശിക സർക്കാരുകൾക്ക് താഴെ പറയുന്ന മാനദണ്ഡ പ്രകാരമാണ് വിതരണം നടത്തുന്നത്.

| ക്രമ നം. | മാനദണ്ഡം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
|---|---|---|---|---|---|---|
| **വെയിറ്റേജ് (%)** | | | | | | |
| 1 | പട്ടികജാതി പട്ടിക വർഗ്ഗ ഇതര ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 40 | 50 | 50 | 40 | 40 |
| 2 | വിസ്തീർണ്ണം (ച.കി.മീ) | 10 | 10 | 10 | 10 | 10 |
| 3 | പാരിസ്ഥിതിക ദൗർബല്യം (Environmental Vulnerability) | 10 | 10 | 10 | 10 | 10 |
| 4 | ഇല്ലായ്മയുടെ തോത് (Deprivation Index) | 25 | 30 | 30 | 25 | 25 |
| 5 | വരുമാന സമാഹരണത്തിനുള്ള പ്രോത്സാഹനം | 15 | - | - | 15 | 15 |
| | **ആകെ** | **100** | **100** | **100** | **100** | **100** |

ഇത്തരത്തിൽ വിതരണം നടത്തുമ്പോൾ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വിഹിതത്തിലുള്ള കുറവ് പരമാവധി 15% ആയും വർദ്ധനവ് 75% ആയും നിജപ്പെടുത്തിയിട്ടുണ്ട്. ഈ പരിധി ധനകാര്യ കമ്മീഷൻ ഗ്രാന്റിന് ബാധകമല്ല.

പട്ടികജാതി ഉപപദ്ധതി വിഹിതം ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്ക് 2011 സെൻസസ് പ്രകാരമുള്ള പട്ടിക ജാതി ജനസംഖ്യയുടെ അനുപാതമായ 83.25 : 10.25 : 6.50 അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നു. ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്കായുള്ള വീതം വീണ്ടും 60 : 20 : 20 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിക്കുന്നു. ജനസംഖ്യയ്ക്കും ഇല്ലായ്മയുടെ തോതിനും 60:40 എന്ന അനുപാതത്തിൽ വെയിറ്റേജ് കൊടുത്തു കൊണ്ടാണ് പ്രാദേശിക സർക്കാരുകൾക്ക് ഇതിന്റെ വിഭജനം നടത്തുന്നത്. ഇത്തരത്തിൽ വിതരണം നടത്തുമ്പോൾ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വിഹിതത്തിലുള്ള കുറവ് പരമാവധി 15% ആയും വർദ്ധനവ് 40% ആയും നിജപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്ക് 2011 സെൻസസ് പ്രകാരമുള്ള 91.96 : 6.08 : 1.96 അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നു. ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്കായുള്ള വിഹിതം വീണ്ടും 60 : 20 : 20 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിക്കുന്നു. ജനസംഖ്യയ്ക്ക് 60%-ഉം ഇല്ലായ്മയുടെ തോതിന് 40%-ഉം വെയിറ്റേജ് നൽകി കൊണ്ട് പ്രാദേശിക സർക്കാരുകൾക്ക് ഈ ഫണ്ട് വിതരണം നടത്തുന്നു. 2011 സെൻസസ് പ്രകാരം ജനസംഖ്യ 50 എങ്കിലുമുള്ള പ്രാദേശിക സർക്കാരുകൾക്ക് മാത്രമേ പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുകയുള്ളൂ.